**പതിമൂന്നാം കേരള നിയമസഭ**

**ഒൻപതാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.5455 04.07.2013-ൽ മറുപടിക്ക്**

**പയ്യന്നൂർ നിയോജക മണ്ഡലത്തിലെ ആശുപത്രികളിലെ ഒഴിവുകളുടെ എണ്ണം**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.സി.കൃഷ്ണൻ** | **ശ്രീ.വി.എസ്.ശിവകുമാർ**<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) പയ്യന്നൂർ നിയോജക മണ്ഡലത്തിലെ പയ്യന്നൂർ, പെരിങ്ങോം താലൂക്ക് ആശുപത്രികളിൽ ഡോക്ടർമാരുടെയും മറ്റ് ജീവനക്കാരുടെയും ഒഴിവുകൾ സംബന്ധിച്ച് വിശദമാക്കാമോ; | (എ) പയ്യന്നൂർ, പെരിങ്ങോം താലൂക്കാശുപത്രികളിൽ ഡോക്ടർമാരുടെയും മറ്റ് ജീവനക്കാരുടെയും നിലവിലുള്ള ഒഴിവുകൾ ചുവടെ ചേർക്കുന്നു. |

| താലൂക്കാശുപത്രി, പയ്യന്നൂർ | |
|---|---|
| കൺസൾട്ടന്റ് (സർജറി) | 1 |
| കൺസൾട്ടന്റ് (ഗൈനക്കോളജി) | 1 |
| കൺസൾട്ടന്റ് (പീഡിയാട്രിക്സ്) | 1 |
| ജൂനിയർ കൺസൾട്ടന്റ് (അനസ്തേഷ്യ) | 1 |

| താലൂക്കാശുപത്രി, പെരിങ്ങോം | |
|---|---|
| സിവിൽ സർജൻ | 1 |
| അസിസ്റ്റന്റ് സർജൻ | 5 |
| ജൂനിയർ കൺസൾട്ടന്റ് (ഗൈനക്കോളജി) | 1 |
| ജൂനിയർ കൺസൾട്ടന്റ് (പീഡിയാട്രിക്സ്) | 1 |
| ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് | 1 |

| | |
|---|---|
| (ബി) പ്രസ്തുത ഒഴിവുകളിൽ ഏതെല്ലാം തസ്തികകളിൽ താൽക്കാലിക നിയമനം നടത്തിയിട്ടുണ്ടെന്ന് വിശദമാക്കാമോ; | (ബി) ഡോക്ടർമാരെ അഡ്ഹോക്ക് വ്യവസ്ഥയിൽ നിയമിച്ച് ഒഴിവുകൾ നികത്തിയിട്ടുണ്ട്. |
| (സി) ഒഴിവുള്ള തസ്തികകളിലേക്ക് സ്ഥിരം നിയമനം നടത്തുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ? | (സി) സ്പെഷ്യാലിറ്റി കേഡറിലെ ഒഴിവുകൾ നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. സിവിൽ സർജൻ തസ്തികയിലെ ഒഴിവ് നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു കഴിഞ്ഞു. മേയ്, ജൂൺ മാസങ്ങളിൽ പി.ജി കോഴ്സ് കഴിഞ്ഞ് വന്ന ഡോക്ടർമാർക്ക് നിയമന ഉത്തരവ് നൽകി അസിസ്റ്റന്റ് സർജൻമാരുടെ ഒഴിവുകൾ നികത്തിയിട്ടുണ്ട്. മറ്റ് തസ്തികയിൽ പി.എസ്.സി-യിൽ നിന്ന് നിയമനം നടത്തുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ